# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2115 | 05/05/2017-ൽ മറുപടിയ്ക്ക്

## വനവത്ക്കരണത്തിനുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, ടി.വി.രാജേഷ്<br>,, കെ.കുഞ്ഞിരാമൻ<br>,, രാജു എബ്രഹാം | | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നശിച്ചുപോയ വനങ്ങൾക്ക് പകരം വനം വച്ചുപിടിപ്പിക്കുന്നതിനും ഔഷധ സസ്യങ്ങൾ പരിപാലിക്കുന്നതിനും പദ്ധതി നിലവിലുണ്ടോ; | (എ) | സംസ്ഥാനത്ത് നശിച്ചുപോയ വനങ്ങൾക്കുപകരം വനം വച്ചുപിടിപ്പിക്കുന്നതിനും ഔഷധ സസ്യങ്ങൾ പരിപാലിക്കുന്നതിനും പദ്ധതി നിലവിലുണ്ട്. |
| ബി) മുൻ വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം വെച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ വേണ്ടവിധം സംരക്ഷിക്കുന്നതിന് സാധിച്ചി ട്ടുണ്ടോ; എത്ര ഹെക്ടർ സ്ഥലത്താണ് ഇപ്രകാരം മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | മുൻ വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം വെച്ചുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ വേണ്ടവിധം സംരക്ഷിക്കുന്നതിന് സാധിച്ചിട്ടുണ്ട്. 19884.847 ഹെക്ടർ സ്ഥലത്ത് ഇപ്രകാരം മരങ്ങൾ വെച്ചുപിടിപ്പിച്ചിട്ടുണ്ട്. |
| സി) ഇത്തരം പ്രദേശങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിന് വനസംരക്ഷണ സമിതികളുടെ സേവനം പ്രയോജനപ്പെട്ട ത്തുമോ; | സി) | ഇത്തരം പ്രദേശങ്ങളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്നതിന് വനസംരക്ഷണ സമിതിയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| ഡി) അപൂർവ്വങ്ങളായ ചോലവനങ്ങൾ, കണ്ടൽ കാടുകൾ, മറ്റു പ്രത്യേക പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥയുടെ സംരക്ഷണം എന്നിവയും കൂടി ഈ പദ്ധതി പ്രകാരം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ? | സി) | കണ്ണൂർ ഡിവിഷനിൽ 82 ഹെക്ടറും, കാസർഗോഡ് ഡിവിഷനിൽ 54.695 ഹെക്ടർ പ്രദേശത്തും കണ്ടൽക്കാടുകൾ റിസർവ്വ് വനമായി ഏറ്റെടുത്തിട്ടുണ്ട്. കാസർഗോഡ് ഡിവിഷനിലെ 15 ഹെക്ടർകൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അപൂർവ്വങ്ങളായ ചോലവനങ്ങൾ, ബാക്കിയുള്ള കണ്ടൽ കാടുകൾ, മറ്റു പ്രത്യേക പ്രദേശങ്ങളിലെ ആവാസവ്യവസ്ഥയുടെ സംരക്ഷണം എന്നിവ ഏറ്റെടുക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ